**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3020** **14-02-2024 - ൽ മറുപടിയ്ക്ക്**

**എലിഫന്റ് ഡാറ്റാബുക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നാട്ടാനകളുടെ വിവരങ്ങൾ അടങ്ങുന്ന എലിഫന്റ് ഡാറ്റാ ബുക്ക് വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോയെന്നും എന്തൊക്കെ വിവരങ്ങളാണ് ഇതിൽ രേഖപ്പെടുത്തുന്നതെന്നും വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ നാട്ടാനകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള എലിഫന്റ് ഡാറ്റാ ബുക്ക് വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന വിവരങ്ങളാണ് എലിഫന്റ് ഡാറ്റാ ബുക്കിൽ രേഖപ്പെടുത്തുന്നത്.<br>1. ആനയുടെ പേര്<br>2.ഉടമസ്ഥന്റെ പേരും മേൽവിലാസവും ഫോട്ടോയും<br>3.ആനയുടെ വയസ്സ്, ലിംഗം<br>4.മൈക്രോചിപ്പ് നമ്പർ, സർട്ടിഫിക്കറ്റ് നമ്പർ, തീയതി, മൈക്രോചിപ്പ് ഘടിപ്പിച്ച സംസ്ഥാനം<br>5.ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, തീയതി, നൽകിയ സംസ്ഥാനം<br>6.ആനയെ കേരളത്തിലേക്ക് കൊണ്ടുവന്ന തീയതി<br>7.എലിഫന്റ് സ്റ്റാറ്റസ്<br>8.ആനയെ സാധാരണയായി തളക്കുന്ന സ്ഥലവും മേൽവിലാസവും<br>9.ആനയുടെ ശാരീരികാളവുകളും കൊമ്പുകളുടെ അളവുകളും<br>10.ഐഡന്റിഫിക്കേഷൻ മാർക്ക്<br>11.ആനയുടെ പൊതുവായ സ്വഭാവം<br>12.ആനയുടെ ചിത്രങ്ങൾ<br>13.അസുഖങ്ങളും വൈകല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ<br>14.മദപ്പാട് സംബന്ധിച്ച വിവരങ്ങൾ<br>15.പാപ്പാന്മാരുടെ വിവരങ്ങൾ<br>16.ഇൻഷുറൻസ് സംബന്ധിച്ച വിവരങ്ങൾ<br>17.അന്തർ സംസ്ഥാന യാത്ര സംബന്ധിച്ചുള്ള വിവരങ്ങൾ<br>18.മേൽപ്പറഞ്ഞവ കൂടാതെ ഉദ്യോഗസ്ഥരുടെ പരിശോധനാവേളയിൽ മറ്റെന്തെങ്കിലും വിവരങ്ങൾ ഡാറ്റാ ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം ആയതുകൂടി രേഖപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആനകളുടെ വളർച്ച സംബന്ധിച്ച എന്തെങ്കിലും വിവരം ഡാറ്റാ ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര വർഷത്തിലൊരിക്കലാണ് പ്രസ്തുത പരിശോധന നടത്തുന്നതെന്നും അറിയിക്കുമോ; | (ബി) | ഡാറ്റാ ബുക്ക് നൽകുന്ന വേളയിൽ ആനകളുടെ ശാരീരികാളവുകൾ രേഖപ്പെടുത്താറുണ്ട്.എന്നാൽ പിന്നീട് വളർച്ച സംബന്ധിച്ച വിവരങ്ങൾ ഡാറ്റാ ബുക്കിൽ രേഖപ്പെടുത്താറില്ല. നാട്ടാനകളെ അവയിൽ ഘടിപ്പിച്ചിട്ടുള്ള മൈക്രോചിപ്പിന്റെ അടിസ്ഥാനത്തിലാണ് തിരിച്ചറിയുന്നത്. |
| (സി) | നിലവിലുള്ള എലിഫന്റ് ഡേറ്റാ ബുക്കിൽ ഏതു വർഷത്തെ അളവുകളാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഓരോ ആനയ്ക്കും ഡാറ്റാ ബുക്ക് നൽകുന്ന വർഷത്തെ അളവുകളാണ് രേഖപ്പെടുത്തുന്നത്. 2012-ലെ കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം 2012 മുതലാണ് ആനകൾക്ക് ഡേറ്റാ ബുക്ക് നൽകി തുടങ്ങിയത്. |
| (ഡി) | എലിഫന്റ് ഡേറ്റാ ബുക്കിലെ അളവുകൾ പുനർനിർണ്ണയിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ? | (ഡി) | നാട്ടാനകളിൽ ഘടിപ്പിച്ചിട്ടുള്ള മൈക്രോചിപ്പിന്റെ അടിസ്ഥാനത്തിലാണ് നാട്ടാനകളെ തിരിച്ചറിയുന്നത്. അതുകൊണ്ടുതന്നെ എലിഫന്റ് ഡാറ്റാ ബുക്കിലെ അളവുകൾ പുനർനിർണയിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ